# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം: 129

22.03.2013 ലെ മറുപടിയ്ക്ക്

## ന്യൂനപക്ഷകമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) 14.12.2009- ലെ സ.ഉ.(കൈ) 271/09/പൊ.ഭ.വ പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കമ്മീഷൻെറ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനം വിലയിരുത്തുക, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഭരണഘടനാപരമായ സുരക്ഷ ഉറപ്പാക്കുക, ന്യൂനപക്ഷ വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുതകുന്ന നടപടികൾ ശുപാർശ ചെയ്യുക, ന്യൂനപക്ഷ വിഭാഗങ്ങൾ നേരിടുന്ന അവകാശ ലംഘനം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരേയുണ്ടാകുന്ന വിവേചനം ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക, ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തികവും, സാമൂഹികവും, വിദ്യാഭ്യാസപരവുമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ടുള്ള പഠനം, ഗവേഷണം, വിശകലനം, തുടങ്ങിയവയുടെ സംഘാടനം, ന്യൂനപക്ഷ വിഭാഗങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലോചിതമായി കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നിവയാണ് കമ്മീഷന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും. |
| (സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് പ്രസ്തുത കമ്മീഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ? | (സി) യും (ഡി) യും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം സംബന്ധിച്ച ബിൽ പാസ്സാക്കുന്ന മുറയ്ക്ക് കമ്മീഷന്റെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ